## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7249 11.07.2014-ൽ മറുപടിക്ക്

## ദേശീയ പാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണുത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണുത്തി വരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കൺസഷണയർ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട അനുബന്ധ പ്രവൃത്തികളിൽ പോട്ട ഫ്ളൈ ഓവർ ഭാഗത്തെ 1.62 കി.മീ. സർവ്വീസ് റോഡ് ഒഴികെ ബാക്കി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതായി നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ ഭാഗത്തെ റോഡ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടന്നു വരുന്നു. ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ പൂർത്തിയായാലുടൻ സർവ്വീസ് റോഡിന്റെ പണി ആരംഭിക്കുമെന്ന് നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) സർവ്വീസ് റോഡുകൾ, സബ്വേകൾ, സിഗ്നൽ സിസ്റ്റം, സ്ട്രീറ്റ്ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടർ, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പാലിയേക്കരയിലെ ടോൾ നിരക്ക് ഉയർത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(സി) ടോൾ നിരക്ക് വർദ്ധനവിനുള്ള നടപടികൾ ഒഴിവാക്കുന്നതിനും, മുഴുവൻ അനുബന്ധപ്രവൃത്തികളും പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) കേന്ദ്ര ടോൾ നിയമപ്രകാരവും സംസ്ഥാന സർക്കാരും കൺസഷണയർ കമ്പനിയും ദേശീയപാത അതോറിറ്റിയും തമ്മിൽ 14.07.2007-ൽ ഒപ്പു വച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരവും കൺസഷണയർ കമ്പനിക്ക് ടോൾ പിരിക്കുന്നതിനും ദേശീയ വിലസൂചികയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിന് അധികാരമുണ്ട്. ടോൾ വർദ്ധനയ്ക്ക് എതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം കണക്കിലെ |

ടുത്ത് ടോൾ നിരക്ക് വർദ്ധന തൽക്കാലം നിർത്തി വയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഈ നിർദ്ദേശത്തിനെതിരെ കൺഷണയർ കമ്പനി കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി ടോൾ വർദ്ധന ഒഴിവാക്കുവാൻ സാധിക്കുകയില്ല.

(ഡി) പേരാമ്പ്രയിൽ സബ്‌വേയും, ചാലക്കുടി കോടതി ജംഗ്ഷനിൽ മേൽപ്പാലവും നിർമ്മിക്കുന്നതിനും, റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ കൊരട്ടി ജംഗ്ഷനിലുണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) ഈ പ്രവൃത്തികൾ കൺസഷൻ എഗ്രിമെന്റിൽപ്പെട്ടവയല്ല. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഒരു യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചവയാണ്. ഇവയുടെ നിർമ്മാണത്തിനായി 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് ദേശീയ പാതാ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.